(ബി) പ്രായിക്കര പാലത്തിൽ കൂടി പൈപ്പ് സ്ഥാപിക്കുന്നതിന് കെ. എസ്. റ്റി. പി. യുമായി ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രായോഗികത മനസ്സിലാക്കി നടപടി സ്വീകരിക്കാമെന്ന് കെ.എസ്.റ്റി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കല്ലുമല ലെവൽ ക്രോസ് നമ്പർ 27-ൽ റെയിൽ ക്രോസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ഇടപെട്ട് പ്രശ്നപരിഹാരം കാണാമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്ലാന്റിൽ സ്ഥാപിക്കേണ്ട സബ്സ്റ്റേഷൻ, ചുറ്റുമതിൽ, ഫിൽറ്റർ ബഡ് നവീകരണം, മോട്ടോർ നവീകരണം, പൈപ്പുകൾ ഗ്യാപ്പ് ഫില്ലിംഗ് തുടങ്ങിയവയ്ക്കായി കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

തിരുവനന്തപുരം ആറ്റിപ്ര ശ്രീമതി നാഗമ്മയ്ക്ക് കുടിവെള്ള കണക്ഷൻ

158 (2367) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി അധികൃതരുടെ കടുത്ത അനാസ്ഥ കാരണം, തിരുവനന്തപുരം, ആറ്റിപ്ര വാർഡ്, കിഴക്കുംകര വാറുകാട് വിളയിൽ വീട്ടിൽ, 73 കാരിയായ നാഗമ്മയ്ക്ക് 3 വർഷക്കാലമായി മീറ്ററും മറ്റും സ്ഥാപിച്ചിട്ട് കുടിവെള്ളം നൽകാതെ എല്ലാ മാസവും വാട്ടർ ബില്ല് നൽകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ; വിശദമാക്കുമോ ;

(ബി) 2009-10 സാമ്പത്തിക വർഷം, നഗരസഭയുടെ 'ദുർബല ജനവിഭാഗങ്ങൾക്ക് നൽകുന്ന സൗജന്യ വാട്ടർ കണക്ഷൻ' പദ്ധതിയിൽപ്പെടുത്തിയാണ് (പ്രോജക്ട് നമ്പർ 560/10c) നാഗമ്മയ്ക്ക് വാട്ടർ കണക്ഷൻ നൽകിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) 73 വയസ്സായ അനാഥയായ വീട്ടമ്മയ്ക്ക് കുടിവെള്ള കണക്ഷൻ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വാട്ടർ കണക്ഷൻ പ്രാബല്യത്തിൽ വരുന്നതിനുമുൻപ് എന്നാൽ ആദ്യ കണക്ഷൻ ഉത്തരവായതുമുതൽ അബാക്കസ് സോഫ്റ്റ് വെയറിലെ നടപടികൾ പ്രകാരം കമ്പ്യൂട്ടർ ജനറേറ്റഡ് ബില്ലുകൾ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദുർബല ജനവിഭാഗങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുന്ന പദ്ധതിയിൽ പ്പെടുത്തി 6-2-2012-ൽ എ.പി.ഡബ്ല്യു/1916/ഡി എന്ന കണക്ഷനാണ് നൽകിയിട്ടുള്ളത്. (സി) 10-6-2015-ൽ ശ്രീമതി നാഗമ്മയ്ക്ക് കുടിവെള്ളം നൽകിത്തുടങ്ങിയിട്ടുണ്ട്.

കുടിവെള്ളക്ഷാമം

159 (2368) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാം ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മഴക്കാലത്തുപോലും കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളും ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങളിലെ അപാകതമൂലം കുടിവെള്ളം ലഭിക്കാതെവരുന്ന പ്രദേശങ്ങളും ഏതെല്ലാമാണെന്നും അവ ഏതു ജല അതോറിറ്റി ഓഫീസിൻ കീഴിലുള്ളവയാണെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ജൈക്ക സഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടുകളിൽ നടത്തിയ പ്രവൃത്തികൾ എന്തെല്ലാം ; എത്ര തുക ഇതിനായി എവിടെയെല്ലാം വിനിയോഗിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ജൈക്കയിൽ നിന്ന് ലഭിച്ച വായ്പ തുക എത്ര ; എത്ര തുക ചെലവാക്കി ; എത്ര ശതമാനം പ്രവർത്തനങ്ങൾ നടത്തി ; പലിശ അടക്കം എത്ര തുക തിരിച്ചടവുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കാളിപ്പാറ പദ്ധതി പ്രവർത്തനങ്ങൾക്കായി വായ്പ എടുത്ത തുക എത്ര ; ചെലവാക്കിയ തുക എത്ര ; എന്തെല്ലാം പ്രവൃത്തികൾ നടത്തി ; പലിശയും മുതലും അടക്കമുള്ള വായ്പ തിരിച്ചടവ് എന്നു തുടങ്ങി ; എത്ര അടച്ചു ; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കും ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എച്ച്. ഡിവിഷൻ തിരുവല്ലയുടെ കീഴിൽവരുന്ന കുട്ടനാട് പരിസരപ്രദേശങ്ങളും സമുദ്ര നിരപ്പിൽനിന്നും താഴ്ന്നകിടക്കുന്ന പ്രദേശങ്ങളാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly